# 9. പ്രളയത്തിനുമുൻപ് ഒരു കുമ്പസാരം

മറിയ മുട്ടുകുത്തിനിന്ന് കൈകൾ നെഞ്ചിൽ പിണച്ചുവെച്ച് കണ്ണുകൾ ചേർത്തടച്ച് ഒരു പ്രാർത്ഥനയുടെ വേവോടെ തേങ്ങി.

ഈ പ്രളയത്തിൽനിന്ന് എനിക്കിനിയൊന്നും പ്രതീക്ഷിക്കാനില്ല. പ്രണയമോ, സ്നേഹമോ, സ്വപ്നങ്ങളോ ഒന്നുംതന്നെ.

മൂടി തുറന്നുവെച്ച പാത്രത്തിനു ചുറ്റും കളികൾ ഉപേക്ഷിച്ച് ഓടിക്കൂടിയ കുട്ടികൾ സന്തോഷത്തിന്റെ ശബ്ദങ്ങൾ തട്ടിത്തെറുപ്പിച്ചുകൊണ്ടിരുന്നു. അവരുടെ സന്തോഷത്തിലേക്ക് മരണത്തിലേക്കെന്നപോലെ മറിയ സങ്കടങ്ങളോടെ നോക്കി.

ഈ വറുതികാലത്ത് അപ്പവും മുന്തിരിച്ചാറുമായി മന്നയുടെ പെയ്ത്തു നടത്തിയ ദൈവത്തിന് നമ്മൾ സ്തുതി പറയുക.

കുട്ടികൾ ഭക്ഷണത്തിനായി തിടുക്കപ്പെട്ടു. അന്ന തന്റെ പാത്രം ഉടുപ്പിന്റെ അറ്റംപൊക്കി ഈർപ്പം തുടച്ചു വൃത്തിയാക്കി, തയാറെടുത്തു. നോഹ അവന്റെ രണ്ടു കുഞ്ഞിക്കൈകളും പാത്രത്തിലേയ്ക്കാഴ്ത്തി ഭക്ഷണം വാരിയെടുത്തു. യോഹന്നാൻ മാത്രം തന്റെ ചെറിയ കണ്ണുകളിലെ നിറഞ്ഞ പരിഭ്രമങ്ങളുമായി അവളുടെ മടിയിൽ മുഖം ചായ്ച്ച് ഒരു കോടിയ നോട്ടവുമായി ഉടഞ്ഞുകിടന്നു.

എന്റെ വിശപ്പിൽനിന്നും പിറന്നുവീണവനായതുകൊണ്ട് പല്ലുകൾ കിളിർക്കുംമുൻപെ ഒടുങ്ങാത്ത ആർത്തികളുടെ പിളർന്ന വായും അതിന്റെ നിലയ്ക്കാത്ത നിലവിളികളുമായിരിക്കുന്ന ഇവൻ നോഹ മറിയ വ്യസനങ്ങളോടെ നോഹയുടെ ശിരസ്സിലൂടെ വിരലുകളോടിച്ചു ഭക്ഷണം പറ്റിയ കൈകളും വായുമായി നോഹ, അവളുടെ മടിയിലേക്കു ചാടിക്കയറി, നെഞ്ചു നനഞ്ഞ വിയർപ്പിലേക്കു മുഖം ചുണ്ടി മുലക്കണ്ണുകളിൽ ചുണ്ടുകളിറുക്കി ചിരിച്ചു. ജന്മപാപത്തിന്റെ പാൽഞരമ്പുകൾ അവളുടെ ശ്വാസത്തിനെ ചുറ്റി വരിഞ്ഞു വിങ്ങി. അവളുടെ തൊണ്ടയിൽ കറുത്ത ചോരയുടെ ചവർപ്പ് ചുവന്നു.

ഇരുട്ടു തീണ്ടിയ വെളിച്ചം പുറത്തു നീലിച്ചുതുടങ്ങിയിരുന്നു. കാണാത്തിടത്തെവിടെയോ കാറ്റിന്റെ കാലൊച്ചകൾ വന്നു നിലയ്ക്കുന്നു. ഇരുൾമറവുകളിൽനിന്നും ഏകാന്തതയുടെ തണുത്ത പാമ്പുകൾ വിഴമിറ്റുന്ന നാവുകൾ നീട്ടി ഇഴഞ്ഞിറങ്ങുന്നു.

കുട്ടികളുടെ ചെറിയ കലഹങ്ങൾക്കും വാശിയേറിയ തീറ്റയ്ക്കും മീതെ വിണ്ട നിലങ്ങളിലൂടെ തീ പിടിച്ച കാറ്റായി അവളുടെ മനസ്സ് ആളിനടന്നു.

എന്റെ അപ്പൻ നേന്ത്രവാഴക്കാടിന്നുള്ളിൽനിന്ന് ഒരു നെടുങ്കൻ ഇല വെട്ടി, രാവിനുമീതെ വിരിച്ചിട്ട്, നക്ഷത്രക്കൊലുസുകൾ തൂങ്ങുന്ന ഒരു ആകാശത്തിനു കീഴെ എന്നെ മണവാട്ടിയാക്കിയ പാപക്കറ വീണ രാത്രി.

ഓർമ്മകളുടെ കുമ്പസാരക്കൂട്ടിൽ അവളുടെ ശബ്ദം തന്നിലേക്കുതന്നെ പൊള്ളിയുരുകി വീണു.

സ്ത്രീയെ—

അപ്പൻ വിളിച്ചു.

നീ എന്റെ പന്ത്രണ്ടേമുക്കാൽ ഏക്കർ വരുന്ന കൃഷിയിടംപോലെ നല്ല ഫലങ്ങൾ തരുന്നവളാകുക.

അപ്പാ—

ഞാൻ കെഞ്ചിയും കരഞ്ഞും ഭ്രാന്തിയെപ്പോലെ അലമുറയിട്ടു. അമ്മച്ചി എന്നെ കൈക്കുഞ്ഞായി അപ്പനെ ഏല്പിച്ചിട്ട് കർത്താവിൽ നിദ്രകൊള്ളാൻ പോയതല്ലേ. അമ്മച്ചിയുടെ ആത്മാവ് ഈ വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതിൽനിന്ന് അപ്പനെ വിലക്കുന്നില്ലേ?

നേന്ത്രവാഴക്കുലയിൽനിന്ന് ഏറ്റവും മുഴുത്ത പഴം തൊലിയുരിഞ്ഞെടുത്ത് അപ്പൻ എന്നെ ഊട്ടി.

സ്ത്രീയെ—

അപ്പൻ വിളിച്ചു.

വിശക്കുന്നവന് കനികൾ തന്നവനോട് നന്ദി പറയുക.

പൗലോസച്ചായനുമായി എന്റെ കെട്ടുറപ്പിക്കുന്നതിനു മുൻപെ, അന്ന, നീയെന്റെ വയറ്റിൽ രൂപംകൊണ്ടുകഴിഞ്ഞിരുന്നു. പൊന്നും പട്ടും ഞാൻ ചൂടുമ്പോൾ നീ എന്റെ വയറ്റിൽ കിടന്ന് നാണം കുണുങ്ങുന്നത് നടുക്കങ്ങളോടെ ഞാൻ അറിഞ്ഞിരുന്നു. പൗലോസച്ചായന്റെ വടക്കൻ പാട്ടും കുരിശുമുട്ടും കേട്ട് നീ കുലുങ്ങിചിരിക്കുന്നത് ഞാൻ പേടിയോടെ കേട്ടിരുന്നു.

അന്ന, നീ എന്റെ വയറ്റിൽ കുരുത്ത എന്റെ അപ്പന്റെ മോളാണ്. എന്റെ കുഞ്ഞനുജത്തിയാണ്. എന്റെ കെട്ടിയോനായ പൗലോസച്ചായന്റെ കാമുകിയാണ്. എന്റെ സപത്നിയാണ്.





ഒരു ഭാര്യയുടെ അസൂയയോടെ ഞാൻ നിന്നെ ഒളിപ്പിക്കുവാൻ ആഗ്രഹിച്ചു. ഒരു അമ്മയുടെ കരുതലോടെ നിന്നെ രക്ഷിക്കുവാനും പൗലോസച്ചായന്റെ തുളച്ചിറുകുന്ന ചുവന്ന നോട്ടങ്ങളിൽനിന്ന് രക്ഷപെടുത്തുവാൻ നിന്നെയുംകൊണ്ട് ഞാൻ വീടും കുടിയും വിട്ടിറങ്ങി. എത്ര വർഷങ്ങളുടെ വഴികൾ താണ്ടി. അരമനകളിലെ കുശിനിക്കാരിയായി. ആശ്രമങ്ങളിലെ അഗതിയായി. വർഷങ്ങളുടെ നരകവഴികളിൽനിന്ന് ഒരു വിയർത്ത കിതപ്പ് അവളുടെ ശ്വാസത്തെ വിഴുങ്ങി.

മതി—

അന്നയുടെ കൈകൾ ഭക്ഷണപാത്രങ്ങളിൽനിന്നും കുഴഞ്ഞു പിൻവാങ്ങി

മതിയായി—

അവൾ പറഞ്ഞു. അവളുടെ കൈകൾ തണുക്കുവാൻ തുടങ്ങിയിരിയ്ക്കുന്നു. അവളുടെ മുഖവും തണുത്തിരിക്കുന്നു. ഒരു തളർന്ന തണുപ്പ് വിറയലോടെ അവളുടെ നെഞ്ചിലൂടെ കടന്നുപോയി. ജന്മങ്ങളുടെ പുണ്യപാപങ്ങൾ ഇനി ജീവന്റെ ഞരമ്പുകൾ പൊട്ടി ചോരയായി വാർന്നൊഴുകും. മേഘങ്ങളുടെ തൂവെളുപ്പായി പിന്നെ മാലാഖക്കുഞ്ഞുങ്ങളായി ഇവർ പുനർജ്ജനിക്കും.

യോഹന്നാന്റെ കോടിയ ചുണ്ടുകളിൽ ഒരു ചെറിയ പുഞ്ചിരി ചായ്ഞ്ഞു വീണു. മറിയ അവന്റെ ശ്വാസം കുറുകുന്ന നെഞ്ചിൻകൂട്ടിൽ വിരലുകളോടിച്ചു.

യോഹന്നാനെ, നിന്റെ അപ്പൻ പൗലോസച്ചായൻ നിനക്കുവേണ്ടി കാത്തുവെച്ചത് ശാപങ്ങളും, വെറുപ്പും നിന്ദകളും മാത്രമായിരുന്നു. നീ എന്റെ ഭയങ്ങളും വിഭ്രമങ്ങളും സങ്കടങ്ങളും ഊറ്റിയെടുത്തു പിറന്നവനാകകൊണ്ട്, എന്തു കണ്ടാലും നിലവിളിക്കുകയും, പരിഭ്രമിക്കുകയും ചെയ്യുന്ന നിന്റെ ദുർബ്ബലമായ ഞരമ്പുകളും, കാഴ്ചയും, ഉരിയാട്ടമില്ലാത്ത ഇരിപ്പും എന്റെ ജീവിതത്തിൽ തറഞ്ഞ കുരിശായി.

യോഹന്നാനെ, എന്റെ വിഹിതം വറ്റ് നിനക്കും, വെള്ളം അന്നക്കുട്ടിക്കും വീതം വെച്ച്, എച്ചിൽ പറ്റിയ പാത്രങ്ങൾ കഴുകാൻ തോട്ടുകരയിലേക്കു പോയതായിരുന്നു ഞാൻ.

ഇരുളിനു മുളച്ച അഞ്ചാറു കൈകൾ എന്നെ തോട്ടുകരയിലെ നനഞ്ഞ മണ്ണിലേയ്ക്കമർത്തി. കനൽപ്പൊട്ടുകൾ പാറുന്ന ആകാശം നക്ഷത്രങ്ങൾ പൊള്ളിയമർത്തി എനിക്കുമീതെ തെറിച്ചു വീണു. രാത്രി എന്റെ നെറ്റിയിൽ അരിവാൾ പൊള്ളിച്ചു വെച്ചു.

ഇരുളിൽനിന്ന് എന്റെ വയറ്റിലേക്ക് വീശിയെറിയപ്പെട്ട ബീജങ്ങളിൽ നിന്നാകും എന്റെ രക്ഷാപുരുഷന്റെ വരവ് എന്ന് അരമനയിലെ അച്ചൻ എന്റെ പൊള്ളിയ പാടുകളിൽ ചുംബിച്ചു ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു.

മകളെ, ഈ വിശുദ്ധ ഭാരം നീ ചുമക്കുക— അദ്ദേഹം തീർപ്പിച്ചു. ശപിക്കപ്പെട്ട ഈ ഭൂമിയിലെ ക്ലേശകരമായ അദ്ധ്വാനത്തിൽ ഇവൻ 'നോഹ' നിനക്ക് ആശ്വാസം നേടിത്തരും.

നോഹ, എന്റെ കണ്ണീരിന്റെ പ്രളയകാലത്ത് നീ എനിക്കുവേണ്ടി രക്ഷയുടെ പെട്ടകം പണിയുമെന്നുതന്നെ ഞാൻ വൃഥാ കരുതി. നീയോ, അയൽപക്കത്തുനിന്നും അപഹരിച്ചെടുക്കുന്ന റൊട്ടികഷണങ്ങളും, പലഹാരങ്ങളുംകൊണ്ട് നീ നിനക്കു മാത്രം രക്ഷയുടെ വഴി കണ്ടെത്തുന്നു.

അപമാനങ്ങളുടെയും, അവഹേളനങ്ങളുടെയും പെരുമഴയിലേയ്ക്കു ഞങ്ങളെ തള്ളിവിടുന്നു.

അവളുടെ കൺപോളകളിൽ നിഴലുകൾ കനംവെച്ചു. അവൾ പകുതിയും ഒഴിഞ്ഞു കഴിഞ്ഞ ഭക്ഷണപാത്രങ്ങളിലേക്കു തളർച്ചയോടെ നോക്കിയിരുന്നു.

കുഞ്ഞുങ്ങളെ, ഇത് നമ്മുടെ നല്ലവരായ അയൽക്കാർ നമുക്കുവേണ്ടി ചുട്ടെടുത്തു തന്ന അപ്പക്കഷണങ്ങളാണ്. വെറുപ്പിന്റെ, തീക്കൊള്ളികളുതിക്കത്തിച്ച് കരിഞ്ഞ അപ്പക്കഷണങ്ങൾ. ശാപങ്ങളും, നിന്ദകളും കാർക്കിച്ചുതുപ്പി നിറച്ചെടുത്ത പാനപാത്രങ്ങൾ. ഈ കഞ്ഞിവെള്ളം, നമ്മുടെ അയല്ക്കാർ കാടിത്തൊട്ടിയിൽനിന്നും ഒരുതവി മുക്കിയൊഴിച്ചു തന്നതാണ്. നമ്മുടെ പെട്ടകങ്ങൾ നിറയ്ക്കാൻ. ഈ വെറുപ്പും, വിദ്വേഷവും സ്നേഹശൂന്യതയും മാത്രമേയുള്ളു അവശേഷിപ്പായി. അതാകട്ടെ, ഈ പ്രളയത്തിൽ നമ്മെ മുക്കിത്താഴ്ത്തുന്നു.

വെളിച്ചം കെട്ട ഒറ്റപ്പൊളി ജനലിലൂടെ നിഴലുകൾ ഇരുണ്ട കാലുകൾ വേച്ചുവേച്ചു നടന്നിറങ്ങി. വെളിച്ചത്തിന്റെ അവശേഷിപ്പുകളിലേക്ക് നാവുകൾ നീട്ടി ഇഴഞ്ഞുനീങ്ങി.

അവളുടെ നെഞ്ചിടിപ്പുകൾപോലെ, കുട്ടികൾ ഇപ്പോൾ അവർക്കറിയാത്ത ഏതോ വിഹ്വലതയിൽ പൊടുന്നനെ അസ്വസ്ഥത പൂണ്ടവരായി. മടിച്ചും ഭയന്നും അവർ ഭക്ഷണപാത്രങ്ങൾ വിട്ട് അവൾക്കരികിൽ വന്നു മൂകരായി ഇരുന്നു. അവൾ കുഞ്ഞുങ്ങളെ തന്റെ പൊള്ളുന്ന നെഞ്ചിലേയ്ക്കു ചേർത്തമർത്തി. വരണ്ടുകഴിഞ്ഞ കണ്ണുകളിൽനിന്നും വേദനയുടെ ആവി പൊങ്ങി.

രക്ഷയുടെ വാതിലുകൾ എനിക്കു തുറന്നുതരിക ദൈവമെ, എന്നു എത്ര രാത്രികൾ ഞാൻ കരഞ്ഞു മുട്ടിപ്പായി പ്രാർത്ഥിച്ചു.

മകളെ—

ദൈവം എന്നോടിതുമാത്രം പറഞ്ഞു എപ്പോഴും.

അവശേഷിച്ച സ്വർഗ്ഗത്തിന്റെ വാതിലുകൾ കടന്ന് നീ വരിക—





ശവക്കല്ലറകളുടേതുപോലെ തണുത്തു മിനുത്ത അന്നയുടെ കവിളുകളിൽ അവൾ തന്റെ നനഞ്ഞ മുഖം ചേർത്തുവെച്ചു.

അന്ന, നിന്റെ മീതെയും പൊട്ടിപ്പിളർന്നു വീഴാൻ ഒരു ആകാശമുണ്ടാകും. നിന്റെ നെറ്റിയിലും പൊള്ളിപതിപ്പിക്കാൻ മേലെ ഒരു അരിവാൾ മുന ഊതിക്കാച്ചപ്പെടുന്നുണ്ടാവും.

മറിയ തന്റെ മടിയിൽനിന്നും യോഹന്നാന്റെ മുഖം പിടിച്ചുയർത്തി. യോഹന്നാനേ, എഴുന്നേല്ക്കുക.

നോഹ, കുഞ്ഞുമകനെ, ഒന്നും രക്ഷിച്ചെടുക്കാൻ ശേഷിക്കാത്ത ഒരു പ്രളയം നമ്മളെ കാത്തിരിക്കുന്നു. അതിനുമുൻപ് നമ്മൾക്കു നമ്മളെ രക്ഷപെടുത്തേണ്ടിയിരിക്കുന്നു. അവൾ ഭക്ഷണപാത്രത്തിൽനിന്നും അവശേഷിച്ച ഭക്ഷണം കോരിയെടുത്ത് അവരുടെ ചുണ്ടുകൾക്കുനേരെ ഒരു വിതുമ്പലോടെ നീട്ടി.

കുഞ്ഞുങ്ങളെ ഇതുകൂടി കഴിക്കുക.

നമ്മുടെ അവസാനത്തെ അത്താഴം.